**മലയാളഭാഷ ശ്രേഷ്ഠഭാഷ**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്**

**കൊല്ലം**

**പത്രക്കുറിപ്പ്**

www.prd.kerala.gov.in
e-mail: prdkollam@gmail.com
**2020 ഏപ്രിൽ 11**
ഫോൺ: 0474-2794911

**കോവിഡ് 19**

## കൊല്ലം മോഡൽ മത്സ്യവിപണനം

## എല്ലാ ഹാർബറുകളിലേക്കും - മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ

മത്സ്യത്തിന് ന്യായവിലയും തൊഴിലാളികൾക്ക് വരുമാനവും ഉറപ്പാക്കുന്ന മത്സ്യ വിപണനത്തിലെ കൊല്ലം മാതൃക സംസ്ഥാനത്തെ മുഴുവൻ ഹാർബറുകളിലേക്കും വ്യാപിപ്പിച്ചതായി മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ അറിയിച്ചു. മറ്റെല്ലാ മേഖലകളും അടഞ്ഞു കിടന്നപ്പോഴും മത്സ്യബന്ധനം അനുവദിച്ച നടപടി മത്സ്യത്തൊഴിലാളികളോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് തെളിയിക്കുന്നത്. ഹാർബറുകളിലെ മത്സ്യവിപണനത്തിലെ പുതിയ ക്രമീകരണങ്ങൾ കൊല്ലം കലക്ട്രേറ്റിൽ അവലോകനം ചെയ്യുകയായിരുന്നു മന്ത്രി.

ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ നിശ്ചയിക്കുന്ന വില ലാന്റിംഗ് സെന്ററുകളിൽ നിലവിൽ വന്നതോടെ പൊതുവിപണിയിൽ ആവശ്യക്കാർക്കും മാന്യമായ വിലയിൽ മത്സ്യം ലഭിക്കുന്ന സാഹചര്യം ഉണ്ടാകും. ന്യായവിലയിൽ ലഭിക്കുന്ന മത്സ്യം ചില കച്ചവടക്കാർ അമിതവില ഈടാക്കി വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അനഭലഷണീയമായ പ്രവണതകൾക്കെതിരെ നടപടി സ്വീകരിക്കും.

മൊത്തക്കച്ചവടക്കാർക്കും ചെറുകിട കച്ചവടക്കാർക്കും തലച്ചുമടായി കച്ചവടം ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്കും ഹാർബറുകളിൽ നിന്ന് മത്സ്യം ലഭിക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹാർബറുകളിൽ മത്സ്യഫെഡിന് കൂടുതൽ മത്സ്യം സംഭരിക്കാനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് സർക്കാർ സഹായം നൽകും. എല്ലാ ഹാർബറുകളിലും ശീതീകരണ സംവിധാനമുള്ള കണ്ടയിനറുകൾ ഒരുക്കും. 48 മണിക്കൂറെങ്കിലും മത്സ്യം കേടാവാതെ

സംരക്ഷിക്കാനുള്ള സംവിധാനമാണ് ഒരുക്കുന്നത്. ആദ്യഘട്ടത്തിൽ കണ്ടയിനറുകൾ വാടകയ്ക്ക് ലഭ്യമാക്കാനാകും. വള്ളങ്ങളിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ബോക്സുകൾ നൽകുന്നതും പരിഗണനയിലാണ്.

ലോക്ക് ഡൗണിന് ശേഷവും നിലവിലെ ക്രമീകരണങ്ങളിൽ തന്നെ മത്സ്യവിപണനം നടത്തുന്നത് പരിഗണനയിലാണ്. മത്സ്യത്തൊഴിലാളികൾ പൊതുവിൽ അടിസ്ഥാനവിലയിലുള്ള മത്സ്യ വിപണനത്തെ സ്വാഗതം ചെയ്യുന്നുണ്ട്. നിർവഹണത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുമെന്നും മന്ത്രി പറഞ്ഞു.

ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ, ഫിഷറീസ് യൂണിവേഴ്സിറ്റി ഭരണസമിതി അംഗം എച്ച് ബേസിൽ ലാൽ, എ സി പി എ.പ്രതീപ്കുമാർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പി ഗീതാകുമാരി, ഹാർബർ എഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലോട്ടസ്, മത്സ്യഫെഡ് ജില്ലാ മാനേജർ മണിരാജൻപിള്ള, വിവിധ മത്സ്യത്തൊഴിലാളി സംഘടനാ നേതാക്കളായ, എസ് രാജാദാസ്, ജെ ടീലാർ, രാജപ്രിയൻ, എസ് സ്റ്റീഫൻ തുടങ്ങിയവർ സംസാരിച്ചു.

(പി.ആർ.കെ. നമ്പർ. 1085/2020)

**കോവിഡ് 19**

## മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും

കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാലുകളിലേക്ക് കോഴിവേസ്റ്റ് വലിച്ചെറിയുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമെന്ന് ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു. ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. കനാലിൽ ജല വിതരണം നടത്തുന്നത് പ്രധാനമായും കുടിവെള്ളത്തിനും കൃഷിക്കും വേണ്ടിയാണ്. മാലിന്യങ്ങൾ വലിച്ചെറിയുന്നത് കനാലിലെ ജലം ഉപയോഗിക്കുന്ന ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കും. കനാലിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ ദുരന്ത നിവാരണ നിയമം, പകർച്ചവ്യാധി നിയന്ത്രണ നിയമം എന്നിവ പ്രകാരം കേസെടുക്കുന്നതിന് നിർദേശം നൽകിയതായും ജില്ലാ കലക്ടർ അറിയിച്ചു.

(പി.ആർ.കെ. നമ്പർ. 1086/2020)

**കോവിഡ് 19**

## ക്വാറന്റെയിൻ: കൂടുതൽ സൗകര്യങ്ങളുമായി 173 കൊറോണ കെയർ സെന്ററുകൾ

കോവിഡ് 19 സമ്പൂർണ നിയന്ത്രണം ലക്ഷ്യമിട്ട് കൊറോണ കെയർ സെന്ററുകളുടെ എണ്ണം 173 ആയി ഉയർത്തുകയും വ്യക്തിഗത പരിചരണത്തിന് വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഒരുയ്ക്ക് കഴിയുന്നതിന് കിടക്ക സൗകര്യമുള്ള 4,557 മുറികളാണ് പൂർണ സജ്ജമായിട്ടുള്ളത്. നിലവിൽ ഒൻപത് സെന്ററുകളിൽ 212 പേരാണ് പ്രത്യേക പരിചരണത്തിലുള്ളത്. രോഗപരിചരണം, ഭക്ഷണം, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ കുറ്റമറ്റ രീതിയിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അടിയന്തിര സാഹചര്യമുണ്ടായാൽ ഒരേ സമയം 967 പേർക്ക് കിടക്ക സൗകര്യമുള്ള 20 ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലായി ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തുമെന്നും ജില്ലാ കലക്ടർ ബി അബ്ദുൾ നാസർ അറിയിച്ചു.

(പി.ആർ.കെ. നമ്പർ. 1087/2020)

**കോവിഡ് 19**

## 10 റീഹാബിലിറ്റേഷൻ സെന്ററുകൾ, 371 അന്തേവാസികൾ

കോവിഡ് 19 രോഗബാധ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ കൂടാതെ ലോക്ക് ഡൗൺ കാലയളവിൽ വീടില്ലാത്തവർക്കും അനാഥർക്കുമായി തിരഞ്ഞെടുത്ത കൊറോണ കെയർ സെന്ററുകൾ സജീവം. നിലവിൽ റീഹാബിലിറ്റേഷൻ സെന്റർ ആയി 10 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവിടെ 373 പേർ പരിചരണത്തിലുണ്ട്.

(പി.ആർ.കെ. നമ്പർ. 1088/2020)

**കോവിഡ് 19**

## ജില്ലയിൽ ആകെ 6,454 പേർ ഗൃഹനിരീക്ഷണത്തിൽ

ജില്ലയിൽ ഇന്നലെ(ഏപ്രിൽ 11) 6,454 പേരാണ് ഗൃഹനിരീക്ഷണത്തിൽ ഉള്ളത്. ഇന്നലെ(ഏപ്രിൽ 11) പുതുതായി ഗൃഹ നിരീക്ഷണത്തിൽ 37 പേർ പ്രവേശിച്ചു. ആശുപത്രിയിൽ പുതിയതായി വന്ന ഒരാൾ ഉൾപ്പെടെ 10 പേർ മാത്രമേ നിരീക്ഷണത്തിൽ ഉള്ളൂ. ഒരാൾ ഡിസ്ചാർജ് ആയി. 18,828 പേരിൽ 12,364പേർ നിരീക്ഷണത്തിന്റെ പരിധിയിൽ നിന്നും ഒഴിവായിട്ടുണ്ട്.

ഇതുവരെ വിദഗ്ധ പരിശോധനയ്ക്ക് അയച്ച 1,103 സാമ്പിളുകളിൽ 43 എണ്ണത്തിന്റെ ഫലം കൂടി വരാനുണ്ട്. നിലവിൽ ജില്ലയിൽ പോസിറ്റീവായി ഏഴു കേസുകൾ മാത്രമാണുള്ളത്. രണ്ടു പേർ രോഗം ഭേദമായി ആശുപത്രി വിട്ടു. ഇന്നലെ 15 സാമ്പിളുകളുടെ കൂടി ഫലം വന്നിട്ടുണ്ട്. എല്ലാം നെഗറ്റീവാണ്. പരിശോധനയ്ക്കായി 45 സാമ്പിളുകൾ അയച്ചിട്ടുണ്ട്. ഇതുവരെ ഫലം വന്നതിൽ 1,049 എണ്ണം നെഗറ്റീവാണ്.

*കോവിഡ് 19 മായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിനും സംശയങ്ങൾക്കും 8589015556, 0474-2797609, 1077, 7306750040(വാട്സ് ആപ് മാത്രം), 1056(ദിശ) എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.*

*(പി.ആർ.കെ. നമ്പർ. 1089/2020)*

***കോവിഡ് 19***

## *കർഷകർക്ക് താങ്ങായി ചാത്തന്നൂർ കൃഷിഭവൻ*

*ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ വിളവെടുപ്പ് പൂർത്തിയായ ടൺ കണക്കിന് പൈനാപ്പിൾ വിപണനം ചെയ്യാനാകാതെ വലഞ്ഞ അലയമൺ സ്വദേശികൾക്ക് താങ്ങായി ചാത്തന്നൂർ കൃഷിഭവൻ. ലോക്ക് ഡൗൺ പ്രോട്ടോകോളുകൾ കൃത്യമായി പാലിച്ച് ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ പരിസരത്ത് നടന്ന പൈനാപ്പിൾ വിപണനം ജി എസ് ജയലാൽ എം എൽ എ ഉദ്ഘാടനം ചെയ്തു.*

*ചാത്തന്നൂർ മേഖലയിലെ കർഷകരും കൃഷിഭവനിലെയും ഇതര സർക്കാർ വകുപ്പുകളിലേയും ഉദ്യോഗസ്ഥരും ഉൾപ്പെട്ട വാട്സാപ്പ് ഗ്രൂപ്പ് വഴി മുൻകൂർ ബുക്കിങ്ങിലൂടെയാണ് ഒന്നേകാൽ ടണ്ണോളം പൈനാപ്പിൾ വിറ്റഴിച്ചത്. ബുക്ക് ചെയ്തവരെ ചെറു ഗ്രൂപ്പുകളാക്കി തിരിച്ചു പ്രത്യേക സമയക്രമം നൽകിയാണ് വിൽപ്പന നടത്തിയത്. മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ സ്ഥിരമായി പൈനാപ്പിൾ കയറ്റി അയച്ചിരുന്ന അലയമൺ സ്വദേശികളായ ജോസഫ്, ജോൺകുട്ടി, ജോൺസൺ എന്നിവർക്ക് ഏറെ ആശ്വാസമായി ചാത്തന്നൂർ കൃഷി ഭവന്റെ ഈ സമയോചിത ഇടപെടൽ. സാമൂഹ്യ മാധ്യമം ഉപയോഗിച്ചുള്ള ഇത്തരമൊരു വിപണന രീതിയിലൂടെ പ്രതിസന്ധികൾ നേരിടുന്ന മറ്റ് കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവും പരിപാടിയുടെ മുഖ്യസംഘാടകനായ ചാത്തന്നൂർ കൃഷി ഓഫീസർ എസ് പ്രമോദിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.*

*പൈനാപ്പിൾ വിൽപ്പനയോടൊപ്പം വിഷരഹിത മത്സ്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൃഷിഭവനിലെ അഗ്രോ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മൺട്രോതുരുത്തിലെ ജൈവ കാർഷിക ഫാമിൽ വളർത്തിയ അമേരിക്കൻ ബ്രീഡായ വനാമി ചെമ്മീന്റെ വിപണനവും നടന്നു.*

*വിഷം കലർന്ന മത്സ്യങ്ങൾ വിപണിയിൽ സജീവമായ സാഹചര്യത്തിൽ സുരക്ഷിത മത്സ്യം ലഭ്യമാക്കുകയാണ് ഇത്തരമൊരു ഉദ്യമത്തിന് പിറകിലെന്ന് ചാത്തന്നൂർ കാർഷിക ബ്ലോക്ക് അസിസ്റ്റന്റ് ഡയറക്ടർ ഷിബു കുമാർ പറഞ്ഞു. ചാത്തന്നൂർ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല വർഗീസ്, ഇത്തിക്കര ബ്ലോക്ക്*

*പഞ്ചായത്തംഗം ഡി ഗിരികുമാർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.*

*(പി.ആർ.കെ. നമ്പർ. 1090/2020)*

*(തുടരും)*